# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7069 11.07.2014 -ലെ മറുപടിയ്ക്ക്**

**ബൈട്രാൻസ്ഫർ വഴി ഹയർ സെക്കന്ററി അധ്യാപക നിയമനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ബൈട്രാൻസ്ഫർവഴി ഹയർ സെക്കന്ററി അദ്ധ്യാപകരായി ഏറ്റവും അവസാനം നിയമിച്ചത് എന്നാണ്; | (എ) ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകർക്ക് തസ്തികമാറ്റ നിയമനം പൊതുവായി നൽകിയത് 23/07/2011-നും എച്ച്.എസ്.എസ്.റ്റി ജൂനിയർ അദ്ധ്യാപകർക്ക് ബൈടാൻസ്ഫർ നിയമനം നൽകിയത് 02/06/2014 നുമാണ്. |
| (ബി) ഈ നിയമനം സംബന്ധിച്ച് ഹൈക്കോടതി ഉത്തരവ് ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) ശ്രീ. അരുൺ റോയ്.എസ്.ആർ ഫയൽ ചെയ്ത WP (C ) 22608/11എന്ന കേസിൻമേൽ കെമിസ്ട്രി വിഷയത്തിൽ നിയമനം നടത്തുന്നതിന് 19/06/2011-ൽ ബഹു.ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് ഉണ്ടായിരുന്നു. (പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ തസ്തികമാറ്റ നിയമനം നടത്തുന്നു എന്നായിരുന്നു കേസ്. ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകർക്കായി 31/07/2008 വരെ നീക്കിവച്ചിരുന്ന ഒഴിവിലേക്കാണ് പ്രസ്തുത തസ്തികമാറ്റ നിയമനം നടത്തിയത്)<br>ഈ കേസ് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് കൈമാറുകയും 25/12/2013-ൽ സ്റ്റേ നീക്കം ചെയ്യുകയും ചെയ്തു. |

| | |
|---|---|
| (സി) എന്നത്തേയ്ക്ക് നിയമനം നടക്കുമെന്നും ഇത്തരത്തിൽ എത്രപേർക്ക് നിയമനം നടത്താൻ കഴിയും എന്നും വെളിപ്പെടുത്താമോ ; | (സി) എച്ച്.എസ്.എ/എൽ.പി.എസ്.എ/ യു.പി.എസ്.എ വിഭാഗത്തിൽപ്പെട്ട ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകരുടെ ബൈട്രാൻസ്ഫർ നിയമനം സംബന്ധിച്ചുള്ള നടപടികൾ നടന്നു വരികയാണ്. വിവിധ വിഷയങ്ങളിലായി എച്ച്.എസ്.എസ്.റ്റി തസ്തികയിൽ 378 നിയമനങ്ങളും എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിൽ 608 നിയമനങ്ങളും നടത്തുവാൻ കഴിയും. |
| (ഡി) നിയമനത്തിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | (ഡി) ബൈട്രാൻസ്ഫർ നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ശ്രീ.മഹേഷ്.റ്റി ഫയൽ ചെയ്ത OP (KAT) 2538/13എന്ന കേസിൽ 28/01/2014-ലെ വിധി പ്രകാരം ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ ബൈട്രാൻസ്ഫർ നിയമനങ്ങൾ പാടില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി കേസിലെ അന്തിമ വിധിക്ക് ശേഷം അതിനുവിധേയമായി മാത്രമേ നിയമന നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ